**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2726** **13-02-2024 - ൽ മറുപടിയ്ക്ക്**

**സി.എം.ആർ.എൽ. കമ്പനി ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി. ക്ക് പങ്കാളിത്തമുള്ള സി.എം.ആർ.എൽ. കമ്പനി ക്രമക്കേട് നടത്തിയതിനെ തുടർന്ന് കെ.എസ്.ഐ.ഡി.സി.-ക്ക് ലഭിക്കേണ്ട ലാഭവിഹിതത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്ന് കാട്ടി കെ.എസ്.ഐ.ഡി.സി. , സി.എം.ആർ.എൽ. നു കത്ത് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ റിപ്പോർട്ട് പുറത്തു വന്നതിനെ തുടർന്ന് കെ.എസ്.ഐ.ഡി.സി, സി.എം.ആർ.എൽ കമ്പനിയോട്, ആദായ നികുതി വകുപ്പിന്റെ കണ്ടെത്തലുകളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട്, റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന ചെലവുകളുടെ വിശദീകരണം, ചെലവുകൾക്ക് അനുമതി നൽകിയതിന്റെ വിവരങ്ങൾ ബോർഡിന്റെ അംഗീകാരത്തിന്റെ വിശദ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിരുന്നു. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ 1961-ലെ ഇൻകം ടാക്സ് ആക്ടിന്റെ വകുപ്പ് 245 (D) പ്രകാരമുള്ള ഒരു ഓർഡർ ലഭിച്ചിട്ടുണ്ടെന്നും, കമ്പനി മറുപടി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത കത്തിൽ കെ.എസ്.ഐ.ഡി.സി. എന്തൊക്കെ കാര്യങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) | മേൽ (എ) പിരിവിന്റെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ